"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.WM1/130/2026/LSGD
തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-06-2026

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് — 2026 ജൂൺ 5 - ലോക പരിസ്ഥിതി ദിനം ആചരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ — സംബന്ധിച്ച്.

സൂചന:- (1) കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം സെക്രട്ടറിയുടെ 21.05.2026-ലെ ഡി.ഒ. നമ്പർ M-11015/169/2026-CB കത്ത്.

(2) കേന്ദ്ര ജലശക്തി മന്ത്രാലയം സെക്രട്ടറിയുടെ 22.05.2026-ലെ ഡി.ഒ. നമ്പർ S-18011/37/2025-SBM-V-DDWS കത്ത്.

എല്ലാ വർഷവും ജൂൺ 5-നാണ് ലോക പരിസ്ഥിതി ദിനം ആചരിക്കുന്നത്. നടപ്പുവർഷത്തെ പരിസ്ഥിതി ദിന പ്രമേയം "Climate Action" എന്നതാണ്. പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി, സൂചനകളിലെ കത്തുകൾ പ്രകാരം കേന്ദ്ര സർക്കാർ 2026 ജൂൺ 1 മുതൽ ജൂൺ 5 വരെ രാജ്യവ്യാപകമായി "സ്വച്ഛ് ഗ്രാമം, സുരക്ഷിത ജലവായു" (Swachh Gaon, Surakshit Jalvayu), "ശുചിത്വ-ഹരിത ഗ്രാമങ്ങൾ" (Clean & Green Villages) എന്നീ രണ്ട് വ്യത്യസ്ത ക്യാമ്പയിനുകൾ സംഘടിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, 2026-ലെ ലോക പരിസ്ഥിതി ദിനം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, ബന്ധപ്പെട്ട വകുപ്പുകളും ഏജൻസികളും അർത്ഥവത്തായി ആചരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

- സൂചനകളിൽ പരാമർശിച്ചിട്ടുള്ള "സ്വച്ഛ് ഗ്രാമം, സുരക്ഷിത ജലവായു" ക്യാമ്പയിനും "ശുചിത്വ-ഹരിത ഗ്രാമങ്ങൾ" ക്യാമ്പയിനും സംഘടിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, ജില്ലാ കളക്ടർമാർ എന്നിവർ ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കേണ്ടതാണ്.
- പരിസ്ഥിതി സംരക്ഷണം, ശുചിത്വം, ഖര-പ്ലാസ്റ്റിക് മാലിന്യ സംസ്കരണം, ജലസംരക്ഷണം, സുസ്ഥിരമായ ജീവിതശൈലി എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം,

ജനപ്രതിനിധികളുടെയും ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, പ്രാദേശിക ചർച്ചകൾ, സന്നദ്ധ കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള ഒരു വേദിയായി 2026 ജൂൺ 5-ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രത്യേക ഗ്രാമസഭകൾ/വാർഡ് സഭകൾ എന്നിവ ചേരേണ്ടതാണ്.

- ഏപ്രിൽ 1 ന് നിലവിൽ വന്ന ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ 2026 (Solid Waste Management Rules 2026), ഇത് സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവുകൾ എന്നിവയ്ക്ക് വ്യാപകമായി പ്രചാരണം നൽകേണ്ടതും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികൾക്കടക്കം പുതിയ ചട്ടങ്ങൾ സംബന്ധിച്ച് കൃത്യമായ അവബോധം നൽകേണ്ടതുമാണ്. ബൾക്ക് വേസ്റ്റ് ജനറേറ്റർമാരെ (BWGs) പട്ടികപ്പെടുത്തൽ, ഉറവിടത്തിൽ തന്നെ മാലിന്യത്തെ 4 ആയി തരംതിരിക്കൽ (four-stream source segregation), ലെഗസി മാലിന്യങ്ങളുടെ സംസ്കരണം എന്നിവയ്ക്ക് ഊന്നൽ നൽകേണ്ടതാണ്.
- പൊതുസ്ഥലങ്ങൾ, വഴിയോരങ്ങൾ, വാണിജ്യ സമുച്ചയങ്ങൾ, സ്കൂളുകൾ/മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും പരിപാടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.
- പരിസ്ഥിതി ശുചിത്വത്തെക്കുറിച്ചും ശാസ്ത്രീയ മാലിന്യ സംസ്കരണത്തെക്കുറിച്ചും അവബോധം വളർത്തുന്നതിനായി ശുചിത്വ പ്രതിജ്ഞ എടുക്കേണ്ടതാണ്.
- പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം തടയുന്നതിനായി പൊതുജന ക്യാമ്പയിനുകൾ സംഘടിപ്പിക്കേണ്ടതാണ്.
- മാലിന്യങ്ങൾ കുന്നുകൂടുന്ന സ്ഥലങ്ങൾ (Garbage Vulnerable Points) കണ്ടെത്തുകയും അവിടെ പ്രത്യേക ശുചീകരണ യജ്ഞങ്ങൾ നടത്തുകയും വേണം.
- സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ നേച്ചർ വാക്കുകൾ, പാർക്കുകൾ, ബീച്ചുകൾ, കാമ്പസുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി പ്ലോഗിംഗ് (Plogging) എന്നിവ സംഘടിപ്പിക്കേണ്ടതാണ്.
- വിദ്യാർത്ഥികളുടെയും യുവാക്കളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനായി 'Climate Action' എന്ന പ്രമേയത്തിൽ പോസ്റ്റർ, ഉപന്യാസം, റീൽസ് മത്സരങ്ങളും എൻവയോൺമെന്റ് ഹാക്കത്തോണുകളും സംഘടിപ്പിക്കേണ്ടതാണ്.

- പൊതുസ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:</u>**

- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഓഫീസുകൾ, പൊതുസ്ഥലങ്ങൾ, സ്കൂളുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ശുചിത്വ ഓഡിറ്റുകൾ സംഘടിപ്പിക്കുക.
- ഹരിതകർമ്മസേനാംഗങ്ങൾക്കും പൊതുജനങ്ങൾക്കുമായി 'ഹരിതസഭകൾ' സംഘടിപ്പിക്കുക.
- ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഹരിതകർമ്മസേനാ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി സ്കൂളുകളിൽ പരിപാടികൾ സംഘടിപ്പിക്കുക.
- ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന മാലിന്യങ്ങളുടെ ഫോർവേഡ് ലിങ്കേജുകൾ ഉറപ്പാക്കുകയും മാലിന്യ നീക്കത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക.
- പരിസ്ഥിതി ദിന പ്രവർത്തനങ്ങൾ അച്ചടി, സാമൂഹ്യ മാധ്യമങ്ങൾ വഴി പൊതുജനങ്ങളിലേക്ക് എത്തിക്കാൻ നടപടി സ്വീകരിക്കുക.
- ബൾക്ക് വേസ്റ്റ് ജനറേറ്റർമാർക്ക് (BWGs) പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുകയും നിയമലംഘനം നടത്തുന്ന ബൾക്ക് വേസ്റ്റ് ജനറേറ്റർമാർക്കും സ്ഥാപനങ്ങൾക്കുമെതിരെ പിഴ ചുമത്തുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക.
- എൻവയോൺമെന്റ് ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ അപ്പ്-സൈക്കിൾ ഗാർഡനിംഗ് പ്രോഗ്രാമുകൾ, സ്വാപ്പ് ഷോപ്പുകൾ, റിപ്പയർ & റീയൂസ് വർക്ക്ഷോപ്പുകൾ, ശുചിത്വ ക്വിസുകൾ എന്നിവ സംഘടിപ്പിക്കുക.

ANUPAMA T V I A S
SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ജില്ലാ കളക്ടർമാർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

പ്രൊജക്റ്റ് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ, കില
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സെക്രട്ടറിമാർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vinod Kumar. V
Date: 01-06-2026 11:45:39

സെക്ഷൻ ഓഫീസർ.

പകർപ്പ്:

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്